**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6166** **09-11-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വർക്കല മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 10544 ഗാർഹീക കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട്.. |
| (ബി) | പ്രസ്തുത കണക്ഷനുകളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം 1ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കണക്ഷനുകൾ നൽകാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | കണക്ഷൻ നൽകുന്നതിന് ചെലവായ തുക സംബന്ധിച്ച് വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ ഭവനങ്ങൾക്കും 2024 ഓട് കൂടി കുടിവെള്ള കണക്ഷൻ നൽകി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനാണ് ജല ജീവൻ മിഷൻ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. പ്രൊജക്റ്റ് റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിച്ചു പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള നിർവഹണ ഏജൻസികൾ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ലഭ്യമായ കണക്കനുസരിച്ച് വർക്കല മണ്ഡലത്തിൽ 22213 ഭവനങ്ങൾക്കു കൂടി കുടിവെള്ള കണക്ഷനുകൾ നൽകുമ്പോൾ ഗ്രാമീണ മേഖലയിൽ സമ്പൂർണകുടിവെള്ള ലഭ്യത ഉള്ള മണ്ഡലമായി മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം 1</u>

| പഞ്ചായത്ത് | നൽകിയിട്ടുള്ള കണക്ഷനുകളുടെ എണ്ണം(05-11-2021 ലെ കണക്കനുസരിച്ച്) |
|---|---|
| മടവൂർ | 1409 |
| നാവായിക്കുളം | 2707 |
| പള്ളിക്കൽ | 740 |
| ചെമ്മരുതി | 2331 |
| എടവ | 873 |
| എലകമൺ | 1446 |
| വെട്ടൂർ | 1038 |
| **ആകെ** | **10544** |

# അനുബന്ധം 2

| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | കണക്ഷൻ നൽകുന്നതിന് ഇത് വരെ ചെലവായ തുക. (ലക്ഷത്തിൽ) |
|---|---|---|
| മടവൂർ | 354 | 158.91 |
| നാവായിക്കുളം | 461 | 285.62 |
| പള്ളിക്കൽ | 216 | 70.62 |
| ചെമ്മരുതി | 371.96 | 262.93 |
| എടവ | 412.19 | 163.36 |
| എലകമൺ | 596.65 | 195.24 |
| വെട്ടൂർ | 156.80 | 153.14 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആകെ ചെലവിന്റെ 15% ആണ് വഹിക്കേണ്ടത്. | | |